# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
### 2020 ഫെബ്രുവരി 05 ബുധൻ

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 3

## കൊറോണ പ്രതിരോധം
## കളക്ടറേറ്റ് കൺട്രോൾ റൂം

കൊറോണ രോഗ പ്രതിരോധ നടപടികളുടെ ഭാഗമായി ജില്ലയിലാകെ 30 പേരാണ് ആശുപത്രികളിൽ നിരീക്ഷണത്തിലുള്ളത്. ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ ഒന്നും മെഡിക്കൽ കോളേജിൽ 19 ഉം ജനറൽ ആശുപത്രിയിൽ 10 പേരെയുമാണ് പ്രവേശിപ്പിച്ചിരിക്കുന്നത്. ചൈനയിൽ നിന്ന് മടങ്ങിയെത്തിയ 25 പേരെ കൂടി പുതുതായി നിരീക്ഷണത്തിൽ ഉൾപ്പെടുത്തി. വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവരുടെ എണ്ണം 211 ആണ്. ജനറൽ ആശുപത്രിയിൽ നിന്ന് രണ്ടും മെഡിക്കൽ കോളേജിൽ നിന്ന് രണ്ടും ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ നിന്ന് ഒന്നും ഉൾപ്പെടെ 5 സാമ്പിളുകൾ കൂടി ഇന്ന് പരിശോധനയ്ക്ക് അയച്ചു. ഇതുവരെ 73 സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചത്. ഇതിൽ 45 സാമ്പിളുകളുടെ ഫലം ലഭിച്ചു. 28 സാമ്പിളുകളുടെ പരിശോധന ഫലം ഇനിയും വരാനുണ്ട്. പുതുതായി പോസിറ്റീവ് കേസുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. മെഡിക്കൽ കോളേജിൽ കഴിയുന്ന രോഗം ബാധിച്ച വിദ്യാർത്ഥിനിയുടെ നില തൃപ്തികരമാണ്. സർക്കാർ സ്വകാര്യ ആശുപത്രികളിലായി 191 ഐസൊലേഷൻ മുറികൾ ജില്ലയിൽ സജ്ജീകരിച്ചിട്ടുണ്ട്.

ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നിരീക്ഷണസംവിധാനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും പരിശീലന പരിപാടികളും വിപുലമായി സംഘടിപ്പിച്ചു. 173 അങ്കണവാടി പ്രവർത്തകർക്കും 1307 കുടുംബശ്രീ പ്രവർത്തകർക്കും 261 ആരോഗ്യ പ്രവർത്തകർക്കും 279 ജനപ്രതിനിധികൾക്കും ഉൾപ്പെടെ 15984 പേർക്ക് ഇന്ന് മാത്രം പരിശീലനം നൽകി. ഇതിനകം 36281 പേർക്ക് ജില്ലയിൽ ഒട്ടാകെ പരിശീലനം നൽകി കഴിഞ്ഞു. വിവിധ സ്കൂളുകളിൽ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പരിശീലനം നൽകുന്നുണ്ട്.

കൺട്രോൾ റൂമിലേക്ക് ഇതുവരെ 1620 കോളുകളാണ് ലഭിച്ചത്. ഇവയിൽ ഉന്നയിക്കുന്ന സംശയങ്ങൾക്ക് കൃത്യമായ മറുപടി ലഭ്യമാക്കുന്നുണ്ട്. വനിത-ശിശു ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ പൊതുജനങ്ങളുടെ സംശയനിവൃത്തിയ്ക്കായി 20 കൗൺസിലർമാരെ നിയോഗിച്ചു. പരിശീലനം പൂർത്തിയാക്കിയ ശേഷം അടുത്ത ദിവസം തന്നെ ഇവർ ചുമതലയേൽക്കും. കളക്ടറേറ്റ് ജീവനക്കാർക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. തൃശൂർ പ്രസ് ക്ലബ് അംഗങ്ങൾ, ഓട്ടോറിക്ഷാ, ടാക്സി ഡ്രൈവർമാർ എന്നിവർക്ക് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കും. പ്രതിരോധ സാമഗ്രികളും ഉപകരണങ്ങളും മതിയായ അളവിൽ ആരോഗ്യവകുപ്പ് ശേഖരിച്ചിട്ടുണ്ട്. വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർക്ക് ആവശ്യമുള്ള ഭക്ഷ്യസാധനങ്ങളും മരുന്നും വീടുകളിൽ എത്തിക്കുന്നുണ്ട്. തദ്ദേശസ്ഥാപനങ്ങൾ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തുന്നു. കൊറോണ

വൈറസ് പ്രതിരോധ മരുന്നുകൾ ലഭ്യമാണെന്ന് വ്യാജ പ്രചരണം നടത്തിയ ഹോമിയോ മരുന്നു വിൽപനശാലയ്ക്കെതിരെ നടപടിയെടുക്കാൻ ജില്ലാ കളക്ടർ നിർദ്ദേശം നൽകി. പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ലഘുചിത്രങ്ങളും പോസ്റ്ററുകളും സാമൂഹ്യമാധ്യമ പ്രചരണ സാമഗ്രികളും ആരോഗ്യ വകുപ്പ് ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി വിവിധ ഭാഷകളിൽ പ്രചരണ സാമഗ്രികൾ തയ്യാറാക്കി വരികയാണ്.

<u>നിരീക്ഷണത്തിൽ കഴിയുന്ന 8 പേരെ വിടുതൽ ചെയ്യാൻ ശുപാർശ</u>

കൊറോണ രോഗപ്രതിരോധ നടപടികളുടെ ഭാഗമായി മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന 8 പേരെ ഡിസ്ചാർജ്ജ് ചെയ്യാൻ മെഡിക്കൽ ബോർഡ് ശുപാർശ ചെയ്തു. ഇവരുടെ ആരോഗ്യനില മെച്ചപ്പെട്ടതിനെതുടർന്നാണിത്. ആശുപത്രിയിൽ നിന്ന് വിടുതൽ ചെയ്താലും ഓരോരുത്തരുടെയും നിരീക്ഷണ കാലയളവായ 28 ദിവസം പൂർത്തിയാകുന്നതുവരെ വീടുകളിൽ നിരീക്ഷണത്തിൽ പാർപ്പിക്കും.

കൊറോണ രോഗപ്രതിരോധവുമായി ബന്ധപ്പെട്ട് ജില്ലാ കൺട്രോൾ റൂമിൽ ലഭിച്ച കോളുകളിൽ പ്രധാനമായി ഉന്നയിക്കപ്പെട്ട സംശയങ്ങളും അവയ്ക്കുള്ള മറുപടിയും

1) ചൈനയിൽ നിന്ന് നാട്ടിൽ മടങ്ങിയെത്തി 28 ദിവസം കഴിഞ്ഞതിന് ശേഷം രോഗലക്ഷണങ്ങൾ ഒന്നും ഇല്ലാത്തപക്ഷം വിവാഹ നിശ്ചയം പോലുള്ള ചടങ്ങുകൾ നടത്താമോ ?

ഉ: നടത്താവുന്നതാണ്.

ജില്ലാ കളക്ടർ.